"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ഷൊർണ്ണൂർ കെ.വി.ആർ ഹൈസ്കൂളിലെ യു.പി.എസ്.ടി ശ്രീമതി അനില കെ.ടി.യുടെ നിയമന അംഗീകാരവുമായി ബന്ധപ്പെട്ട് സ്കൂൾ മാനേജറുടെ പുന:പരിശോധനാ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.10549/2025/GEDN** തീയതി,തിരുവനന്തപുരം, 26-12-2025

---

പരാമർശം:-

1. സ.ഉ. (കൈ) നം. 54/2024/പൊവിവ, തീയതി 01/06/2024.
2. പാലക്കാട് ഷൊർണ്ണൂർ കെ.വി.ആർ ഹൈസ്കൂൾ മാനേജർ സമർപ്പിച്ച 03/07/2025 തീയതി പുന:പരിശോധന ഹർജി.
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 03/09/2025 തീയതിയിലെ ഇ എം3/18275/2025/ഡി.ജി.ഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ഷൊർണ്ണൂർ കെ.വി.ആർ ഹൈസ്കൂളിലെ യു.പി.എസ്.ടി. ആയ ശ്രീമതി. അനില കെ. ടി. യുടെ നിയമനം അംഗീകരിയ്ക്കുന്നതിനായി ടി സ്കൂൾ മാനേജർ പരാമർശം(2) പുന:പരിശോധന ഹർജി സർക്കാരിൽ സമർപ്പിച്ചിരുന്നു.

**2. ഹർജിക്കാരുടെ വാദം ഇപ്രകാരമാണ് :**

പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം വിദ്യാഭ്യാസ ജില്ലയിലെ ഷൊർണ്ണൂർ കെ.വി.ആർ ഹൈസ്കൂളിൽ 01/06/2023 മുതൽ യു.പി.എസ്.ടി ശ്രീമതി സുമി.ടി പി. യെ ഉദ്യോഗക്കയറ്റം നൽകി എച്ച് എസ് ടി (നാച്ചുറൽ സയൻസ്) ആയി നിയമിച്ച ഒഴിവിൽ ശ്രീമതി അനില കെ. ടി.യെ 01/06/2023 മുതൽ യു.പി.എസ്.ടി ആയി നിയമിച്ചു. ഈ നിയമനം ഭിന്നശേഷി സംവരണനിയമം ബാധകമാണെന്നും നിയമനാർത്ഥി പ്രൈമറി, സെക്കണ്ടറി, ബിരുദ തലങ്ങളിൽ മലയാളം പഠിച്ചിട്ടില്ലെന്ന കാരണത്താൽ, ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ 24/05/2024 തീയതിയിലെ ബി3/46431/2023 നമ്പർ ഉത്തരവു പ്രകാരം നിരസിച്ചിരുന്നു. ഈ ഉത്തരവിനെതിരെ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. എന്നാൽ പ്രൈമറി സെക്കണ്ടറി ബിരുദതലങ്ങളിൽ മലയാളം പഠിച്ചിട്ടില്ല എന്ന കാരണം നിലനിൽക്കുന്നു എന്നതിനാൽ പ്രസ്തുത അപ്പീൽ 18/01/2025 തീയതിയിലെ ഉത്തരവ് B5/727247/2024 മുഖേന നിരസിക്കുകയാണുണ്ടായത്. ഇതിനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുൻപാകെ സമർപ്പിച്ച റിവിഷൻ ഹർജിയും, ശ്രീമതി. അനില കെ.ടി. പ്രൈമറി, സെക്കണ്ടറി ബിരുദ തലങ്ങളിൽ മലയാളം പഠിച്ചിട്ടില്ല, സർക്കാർ ഉത്തരവ് (സാധാ) 534/2002/പൊവിവ, തീയതി 19/03/2002 ഉത്തരവ് പ്രകാരം എസ്.എസ്.എൽ.സി. ക്ക്

മലയാളം പഠിക്കാത്തവർക്ക് LPST/ UPST നിയമനത്തിന് അർഹതയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്, ആയതിനാൽ ഷൊർണ്ണൂർ കെ.വി.ആർ. എച്ച്.എസ്.ലെ ശ്രീമതി. അനില കെ.ടി.യുടെ യു.പി.എസ്.ടി തസ്തികയിലെ നിയമനം നിരസിച്ച് 26/05/2025 തീയതിയിൽ ഉത്തരവായിരുന്നു.

ശ്രീമതി. അനില കെ. ടി. ഒന്ന് മുതൽ 12-ാം ക്ലാസ്സ് വരെ പഠനം പൂർത്തിയാക്കിയിട്ടുള്ളത് CBSE സിലബസ് പ്രകാരം പ്രവർത്തിക്കുന്ന ഷൊർണ്ണൂർ കാർമൽ സ്കൂളിൽ ആകുന്നു. CBSE സ്കൂളുകളിൽ പ്രൈമറി തലത്തിൽ അതായത് 8-ാം ക്ലാസ്സ് വരെ പ്രദേശിക ഭാഷയായ മലയാളം നിർബന്ധമാണ്. ഈ വസ്തുത തെളിയിക്കുന്നതിന് ബന്ധപ്പെട്ട സ്കൂൾ പ്രിൻസിപ്പാളിന്റെ 28/01/2025 തീയതിയിലെ സാക്ഷ്യപത്രം ഹാജരാക്കിയിരുന്നു. മാത്രമല്ല അനില കെ.ടി. K-TET Category II, Category III എന്നിവ പാസായിട്ടുള്ളതാണ്. 17/03/2021 ൽ പ്രസിദ്ധീകരിച്ച K-TET പരീക്ഷാഫലം അനുസരിച്ച് Category II 209543 റോൾ നമ്പറിൽ എഴുതിയ പരീക്ഷയിൽ അനുവദിച്ച സാക്ഷ്യപത്ര പ്രകാരം Part III മലയാളമാണ്. അതുകൊണ്ട് മലയാള ഭാഷാപരിചയം ശ്രീമതി അനില കെ. ടി. ക്ക് ഉണ്ടെന്നുള്ളത് വ്യക്തമാണ്.

26/6/2023 ൽ ലെ സ.ഉ (കൈ) നം 87/2023/പൊ വി വ ഉത്തരവിൽ താഴെ കാണിച്ചിരിക്കും വിധം രേഖപ്പെടുത്തുന്നു.

"22.05.2018 ലെ സ.ഉ(കൈ)നം 67/2018/പൊവിവ ഉത്തരവിന്റെ വെളിച്ചത്തിൽ അദ്ധ്യാപന ജോലി പ്രതീക്ഷിച്ച് ട്രെയിനിംഗ് യോഗ്യത കരസ്ഥമാക്കിയവർക്കും കോഴ്സിന് പ്രവേശനം നേടിയവർക്കും 24/2/2023 ലെ സ.ഉ(കൈ)നം 19/2023/പൊ വി വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അവസരങ്ങൾ നിഷേധിക്കുന്നത് സാമാന്യ നീതിക്ക് നിരക്കാത്തതാണെന്ന് കാണുന്നു. 24/2/2023 ലെ ഉത്തരവിൽ 22/5/2018 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ട്രെയിനിംഗ് യോഗ്യത കരസ്ഥമാക്കിയവർക്കും ബന്ധപ്പെട്ട കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്കും . 24/2/2023 ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് ഇളവ് നൽകികൊണ്ടും അപ്രകാരം നിയമിതരാകുന്നവർക്ക് മലയാള പ്രാവീണ്യം ഉറപ്പാക്കുന്നതിനുള്ള യോഗ്യത പരീക്ഷ എഴുതുന്നതിന് അനുമതി നൽകി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു."

മുകളിൽ കാണിച്ചിരിക്കുന്ന നിർദേശം കണക്കിലെടുത്ത് 2021 ഏപ്രിൽ മാസത്തിൽ ബിഎഡ് യോഗ്യത നേടിയിട്ടുള്ള ശ്രീമതി അനില കെ. ടി.ക്ക് 24/0/2023 ലെ സർക്കാർ ഉത്തരവിൽ അനുവദിച്ച ഇളവിന് അർഹതയുണ്ട്. Part III മലയാളം മാത്രമല്ല, K TET Category II പരീക്ഷയിൽ വിജയിച്ചിട്ടുള്ളതിനാൽ മലയാള പ്രാവീണ്യം ഈ അദ്ധ്യാപികക്ക് ഉണ്ട് എന്നതും വ്യക്തമാണ്. അതുകൊണ്ട് ശ്രീമതി അനില കെ.ടി. 24/02/2023 മുമ്പ് തന്നെ നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുണ്ട്.

**3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ് :**

പാലക്കാട് ഷൊർണ്ണൂർ കെ.വി.ആർ ഹൈസ്കൂളിൽ യു.പി.എസ്.ടി ആയ ശ്രീമതി ടി.പി സുമിയെ എച്ച് എസ് ടി (എൻ എസ്) തസ്തികയിൽ 01/06/2023 മുതൽ സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ശ്രീമതി. അനില കെ.ടി. യെ 01/06/2023 മുതൽ യു.പി.എസ്.ടി

തസ്തികയിൽ മാനേജർ നിയമിച്ച എന്നും മറ്റ് അപാകതകളോടൊപ്പം നിയമനാർത്ഥി പ്രൈമറി, സെക്കണ്ടറി, ബിരുദ തലങ്ങളിൽ മലയാളം പഠിച്ചിട്ടില്ല എന്നീ കാരണങ്ങളാൽ നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസറും, ആയതിനെതിരെ വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് സമർപ്പിച്ച അപ്പീലും നിരസിച്ചു എന്നും, സ.ഉ.(സാധാ) നം.534/2002/പൊ.വി.വ. തീയതി 19/03/2002 ഉത്തരവ് പ്രകാരം എസ്.എസ്.എൽ.സി ക്ക് മലയാളം പഠിക്കാത്തവർക്ക് എൽ.പി.എസ്.ടി /യു.പി.എസ്.ടി നിയമനത്തിന് അർഹതയില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട് എന്നതിനാലാണ് ടിയാളുടെ നിയമനം നിരസിച്ചത് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സ.ഉ.(സാധാ) നം.534/2002/പൊ.വി.വ. തീയതി 19/03/2002 ഉത്തരവ് പ്രകാരം എസ്.എസ്.എൽ.സി. ക്ക് മലയാളം പഠിക്കാത്തവർക്ക് എൽ.പി എസ്.ടി/ യു.പി.എസ്.ടി. നിയമനത്തിന് അർഹതയില്ലായെന്ന് ഉത്തരവായിരുന്നു. തുടർന്ന് സ.ഉ. (കൈ) നം. 67/2018/പൊ.വി.വ. തീയതി 22/05/2018 പ്രകാരം സെക്കന്ററി/ഹയർ സെക്കന്ററി തലങ്ങളിൽ മലയാളം പഠിച്ചിട്ടില്ലെങ്കിലും ബിരുദ/ ബിരുദാനന്തര/ അദ്ധ്യാപക ട്രെയിനിംഗ് യോഗ്യതാ തലങ്ങളിൽ ഏതെങ്കിലും ഒന്നിൽ കേരളത്തിലെ റഗുലർ കോഴ്സുകൾ വഴി മലയാളം ഒരു ഭാഷയായി പഠിച്ചിട്ടുള്ളവർക്കും എൽ.പി.എസ്.ടി/ യു.പി.എസ്.ടി നിയമനത്തിന് അർഹതയുണ്ടെന്ന് ഉത്തരവായിരുന്നു. ടി ഉത്തരവുകൾ അനുസരിച്ച് കെ ഇ ആറിൽ ഭേദഗതി വരുത്താത്തതിനാൽ ആയത് നിലനിൽക്കുന്നതല്ലെന്ന് നിരവധി വിധിന്യായങ്ങളിൽ ബഹു. കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

**4.** 4.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പ്രൈമറി അധ്യാപക നിയമനത്തിന് എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി തലത്തിൽ മലയാളം പഠിച്ചിരിക്കണം എന്ന വ്യവസ്ഥ ഉൾപ്പെടുത്തി കെ.ഇ.ആർ. ഭേദഗതി വരുത്തിയിട്ടില്ലാത്തതിന്റെ അടിസ്ഥാനത്തിൽ സെക്കന്ററി, ഹയർ സെക്കന്ററി തലങ്ങളിൽ മലയാളം പഠിച്ചിട്ടില്ലെങ്കിലും ചട്ടങ്ങളെ സർക്കാർ ഉത്തരവുകൾ കൊണ്ട് മറികടക്കാനാവില്ലായെന്ന കോടതിവിധികളുടെ അടിസ്ഥാനത്തിൽ, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ശ്രീമതി അനില കെ. ടി. കേരള പി.എസ്.സി. നടത്തിയ Malayalam Language Test പാസ്സായിട്ടുള്ള സാഹചര്യവും കൂടി കണക്കിലെടുത്ത്, ടിയാളുടെ നിയമനം, ഭിന്നശേഷി സംവരണം സംബന്ധിച്ച നിലവിലെ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി നിയമന തീയതി മുതൽ അംഗീകരിക്കുന്നതിന് ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി അപ്രകാരം ഷൊർണ്ണൂർ കെ.വി.ആർ. ഹൈസ്കൂളിലെ യു.പി.എസ്.ടി. ആയ ശ്രീമതി അനില കെ. ടി - യുടെ നിയമനം അംഗീകരിയ്ക്കുന്നതിനായി ടി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം (2) പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട്.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട്.

മാനേജർ, കെ.വി.ആർ. ഹൈസ്കൂൾ, ഷൊർണ്ണൂർ, പാലക്കാട് - 679 121.

ശ്രീമതി. അനില കെ.ടി, യു.പി.എസ്.ടി., കെ.വി.ആർ. ഹൈസ്കൂൾ, ഷൊർണ്ണൂർ, പാലക്കാട് - 679 121.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (18/11/2025 ലെ GE-JA1/461/2025-G.EDN നമ്പർ കുറിപ്പ് പ്രകാരം).

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Meera S S
Date: 26-12-2025 17:04:33

സെക്ഷൻ ഓഫീസർ